**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3258** **13-07-2022 - ൽ മറുപടിയ്ക്ക്**

**പാട്ടവ്യവസ്ഥ ലംഘിച്ച ഭൂമി തിരിച്ചുപിടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് കഴിഞ്ഞ സർക്കാരും തുടർ സർക്കാരും സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | പാട്ടാക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമികളിൽ പാട്ടക്കുടിശ്ശിക നിലവിലുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനായി പാട്ട കക്ഷിക്ക് നിയമാനുസൃത നോട്ടീസ് നൽകുകയും തുക ഒടുക്ക് വരുത്താത്ത പക്ഷം കക്ഷിക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് പാട്ടം റദ്ദ് ചെയ്ത് കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരും ഈ സർക്കാരും എത്ര ഹെക്ടർ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച ഭൂമിയും ഇത്തരത്തിൽ തിരികെ പിടിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | കഴിഞ്ഞ സർക്കാരും ഈ സർക്കാരും പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതുമായിട്ടുള്ള 20.8410 ഹെക്ടർ ഭൂമി തിരികെ പിടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ